തുറക്കപ്പെട്ട കല്ലറയുടെ സംസ്കാരം.

നൂറ്റാണ്ടുകൾക്കു മുൻപ് മനുഷ്യചരിത്രത്തിലൊരിക്കൽ മാത്രം സ്വയം തുറക്കപ്പെട്ട കല്ലറയുടെ കഥയാണ് ഈസ്റ്ററിനു പറയാനുള്ളത്. ഈ തുറന്ന കല്ലറയുടെ ചരിത്രയാഥാർത്ഥ്യമാണ് ഈസ്റ്റർ. തുറക്കപ്പെട്ട കല്ലറയിലൂടെയാണ് മനുഷ്യകുലത്തിനു മുൻപിൽ മിശിഹായുടെ ഉയിർപ്പ് എന്ന ചരിത്രസത്യം വെളിവാക്കപ്പെട്ടത്. ഈ തുറന്ന കല്ലറ ഒരിക്കൽമാത്രം ചരിത്രത്തിൽ സംഭവിച്ചുവെങ്കിലും ഒരു സംസ്കാരത്തിന് തുടക്കംകുറിക്കുന്നതായിരുന്നു. ഈ തുറന്ന കല്ലറയുടെ സംസ്കാരം മനുഷ്യമനസ്സറിയണമെങ്കിൽ അത് അടഞ്ഞ കല്ലറയുടെ യാഥാർത്ഥ്യങ്ങളറിയണം.

മനുഷ്യചരിത്രത്തിന്റെ ആരംഭം മുതൽ സംസ്കാരങ്ങൾ ഉടലെടുക്കുന്നത് അടഞ്ഞ കല്ലറകളുടെ മുകളിലാണ്. മനുഷ്യശരീരങ്ങൾ അടക്കം ചെയ്യപ്പെട്ട കല്ലറകളോടനുബന്ധിച്ചാണ് ലോകത്തിലെ എല്ലാ സംസ്കാരങ്ങളും ഉടലെടുത്തതെന്ന് പ്രസിദ്ധ തത്വചിന്തകനായ റെനേ ഷീരാർഡ് പറയുന്നു. മനുഷ്യസമൂഹം ഓരോ കാലഘട്ടങ്ങളിലും ദേശങ്ങളിലും കുരുതികൊടുത്ത മനുഷ്യന്റെ ശരീരങ്ങളുൾക്കൊള്ളുന്ന കല്ലറകൾ അവയ്ക്കുള്ളിലായ മനുഷ്യന്റെ ചരിത്രത്തെ മൂടിവയ്ക്കുന്നു. ഈജിപ്തിലെ മമ്മികളും ബൈബിളിലെ ആബേലിന്റെ കല്ലറയും സിന്ധൂനദീതട സംസ്കാരങ്ങളിലെ കല്ലറക്കൂട്ടങ്ങളും ഈ യാഥാർത്ഥ്യത്തിലേയ്ക്കാണ് വിരൽചൂണ്ടുന്നത്.

ഇപ്രകാരം അടഞ്ഞ കല്ലറകളിലെ രഹസ്യാത്മകതയാണ് മനുഷ്യചരിത്രത്തിലെ മതാത്മകതയുടെ ആരംഭം. അടയ്ക്കപ്പെട്ടത് അറിയപ്പെടാൻ കഴിയാത്ത നിഗൂഢ രഹസ്യങ്ങളാണെന്നും ആ രഹസ്യമാണ് ദൈവമെന്നും വ്യഖ്യാനിക്കപ്പെട്ടതിലൂടെയാണ് മിസ്റ്റിക്കൽ (Mystical) മതാത്മകത ഉടലെടുത്തത്. അടയ്ക്കപ്പെട്ട കല്ലറകളുടെ പിന്നിലെ ചരിത്രസത്യങ്ങളെ ഇഴപിരിച്ചു നോക്കാതെ കല്ലറകളിലടയ്ക്കപ്പെട്ടവരെ ദൈവങ്ങളായി ആരാധിച്ചുവരികയാണ് ഈ മതാത്മകതയിൽ. അത്തരത്തിലുള്ള ഒരു മതാത്മകത ദൈവത്തെക്കുറിച്ചുള്ള വികലമായ കാഴ്ചപ്പാടുകളിലേയ്ക്ക് നയിക്കുന്നു. ദൈവത്തിന്റെ രഹസ്യാത്മകതയ്ക്ക് പ്രാധാന്യം കൊടുക്കുന്ന സംസ്കാരങ്ങളിൽ ദൈവം ഭീതിദനാണെന്നും, അപ്രാപ്യനാണെന്നും, അദൃശ്യനാണെന്നുമൊക്കെയുള്ള സങ്കല്പങ്ങൾ ഉടലെടുക്കുന്നു. അദൃശ്യനായവൻ ശിക്ഷിക്കുന്നവനാണെന്നുമുള്ള ചിന്തയും ഇവിടെ പ്രബലമാണ്. ഭീതിദനായും ശിക്ഷകനായും ദൈവത്തെ കാണുന്നതിൽ നിന്നും, ഭീതി ജനിപ്പിക്കുന്നതെന്തും ദൈവീകമാണെന്ന കാഴ്ചപ്പാടിലേയ്ക്കും മനുഷ്യകുലം നീങ്ങി. മനുഷ്യശക്തിക്കതീതവും ഭീതിജന്യവുമായ പ്രകൃതിശക്തികളെ ദൈവമായി മനുഷ്യൻ ആരാധിക്കാൻ തുടങ്ങി. കാറ്റ്, അഗ്നി ,ജലം, വായു, ഭൂമി എന്നീ പഞ്ച പ്രപഞ്ച ശക്തികൾക്ക് ദൈവീകനാമം നല്കപ്പെട്ടു. അവയെ മനുഷ്യൻ ദേവീ ദേവന്മാരായി ആരാധിച്ചു. ഈ സംസ്കാരം ഉടലെടുത്തത് അടഞ്ഞ കല്ലറയിൽ നിന്നാണ്.

കൂടാതെ അടഞ്ഞ കല്ലറ നല്കുന്ന ഒരു താൽക്കാലിക ശാന്തിയും സമാധാനവുമാണ് ലോകസമാധാനം എന്ന കാഴ്ചപ്പാടുകളുമുണ്ടായി. സമാധാന സ്ഥാപനത്തിന് പലതും മൂടിവയ്ക്കണമെന്നും, മൂടിവയ്ക്കപ്പെട്ടവ രഹസ്യങ്ങളാണെന്നും വിശദീകരണങ്ങളുണ്ടായി . സമൂഹത്തിന്റെ നന്മയ്ക്കും സമാധാനത്തിനുമായി സമാധാനഭഞ്ജകരേയും സാമൂഹ്യദ്രോഹികളേയും കുഴിച്ചുമൂടിയോ, ജയിലിലടച്ചോ, ഇല്ലായ്മ ചെയ്തോ സമാധാനം

സ്ഥാപിക്കുവാൻ ലോകം ശ്രമിച്ചു. ഈ സമാധാന സ്ഥാപനത്തിന് അധികാരദണ്ഡുകളും നിയമങ്ങളും ആവശ്യമായി വന്നു. ജയിലറകളും, പീരങ്കികളും അത്യാവശ്യഘടകങ്ങളായി മാറി. അവ സ്ഥാപിക്കുന്ന സമാധാനത്തിനിടയിൽ ഞെരിഞ്ഞമരുന്ന മനുഷ്യജീവനുകൾക്ക് പ്രാധാന്യമില്ലാതായി. പൊതുസമൂഹത്തിന്റെ നന്മയ്ക്കായി വ്യക്തിസ്വാതന്ത്ര്യങ്ങൾ ഹനിക്കപ്പെട്ടു. വ്യക്തികൾ നമ്പറുകളായി മാറി എല്ലാം ക്രമമാകുന്നതിനും സമാധാനപരമാകുന്നതിനുമായി വെട്ടിനിരത്തലുകളും നേരേയാകലുകളും നടന്നു. ഇതാണ് അടഞ്ഞ കല്ലറയുടെ സംസ്കാരം.

എന്നാൽ ഇതിന് നേർവിപരീതമാണ് മിശിഹായുടെ ഉയിർപ്പിലൂടെ തുറക്കപ്പെട്ട കല്ലറയുടെ സംസ്കാരത്തിനുള്ളത്. സമാധാനഭഞ്ജകനെ ഉന്മൂലനം ചെയ്ത് , കല്ലറയ്ക്കുള്ളിലാക്കി കല്ലറയ്ക്ക് മുദ്രയും വച്ച്, കാവലാളുകളേയും വച്ച് സുഖമായി ലോകത്തിന്റെ സമാധാനവും ശാന്തിയുമനുഭവിച്ച് ഉറങ്ങി വിശ്രമിച്ചവർക്ക് മുമ്പിലാണ് ഈസ്റ്റർ ദിനത്തിൽ അടഞ്ഞ കല്ലറ തുറക്കപ്പെട്ടത്. അടഞ്ഞ കല്ലറയുടെ സംസ്കാരമാണ് അവിടെ തകർന്നടിഞ്ഞത്. കല്ലറയ്ക്കുള്ളിലായിരുന്നവൻ ഉയിർത്തെഴുന്നേറ്റ് തന്റെ കഥ പറഞ്ഞത് ലോകചരിത്രത്തിലെ ആദ്യസംഭവവും ഒരു പുതിയ സംസ്കാരത്തിന്റെ ആരംഭവുമാണ്. കല്ലറയ്ക്കുള്ളിൽ അവശേഷിക്കുന്ന രഹസ്യസ്വഭാവമുള്ള ദൈവമല്ല സത്യദൈവമെന്നും നിഗൂഢതകളുടെ മതാത്മകതയായ Mystical മതാത്മകതയല്ല യേശുവിന്റേതെന്നും അവൻ വ്യക്തമാക്കുകയാണ്. കല്ലറയ്ക്കുള്ളിൽനിന്നും പുറത്തുവന്നവൻ കല്ലറയ്ക്കുള്ളിലാക്കിയവർക്കെതിരെ പടവാളുയർത്തുന്നതിന് പകരം സമാധാനാശംസയുമായാണ് കടന്നുവന്നത്. കുറ്റം വിധിച്ച് വധശിക്ഷ നല്കിയവരോടും കൂടെ നിൽക്കുന്നതിനു പകരം ഓടിയൊളിച്ചവരോടും പരിഭവമില്ലാതെ മടങ്ങിവന്ന് സമാധാനാശംസ നല്കിയപ്പോഴാണ് യഥാർത്ഥ ദൈവം സ്നേഹമാണെന്ന സത്യം ലോകമറിയുന്നത്. മൂടിക്കെട്ടിയതിലൂടെ ഉടലെടുക്കുന്ന സമാധാനത്തിനു പകരം ആണിപ്പാടുകളുടെ ശരീരത്തോടെ പ്രത്യക്ഷപ്പെട്ട് നല്കുന്ന സമാധാനമാണ് ശാശ്വത സമാധാനം എന്ന് അവൻ വ്യക്തമാക്കി. അവന്റെ സമാധാനാശംസയ്ക്ക് പുതിയ സംസ്കാരത്തിന്റെ തെളിമയുണ്ടായിരുന്നു. 'I Still love you' എന്ന ദൈവവചനത്തിന്റെ മാധുര്യമുണ്ടായിരുന്നു. ക്രൂശിക്കപ്പെട്ടിട്ടും അടക്കപ്പെട്ടിട്ടും കുറയാത്ത സ്നേഹത്തിന്റെ ഉറവിടമാണ് സത്യദൈവം എന്ന് കല്ലറയ്ക്കുള്ളിൽനിന്ന് പുറത്തുവന്നവൻ പറഞ്ഞുതന്നപ്പോഴാണ് സത്യദൈവത്തെക്കുറിച്ചുള്ള സത്യമായ ചിത്രം ലോകത്തിന് വ്യക്തമാകുന്നത്. കല്ലറയ്ക്കുള്ളിലടയ്ക്കപ്പെട്ടവൻ എന്നേയ്ക്കുമായി അവസാനിച്ചു. അവന്റെ കഥയ്ക്ക് തിരശീല വീണുവെന്ന് സമാധാനിച്ചവരുടെ മൂഢസങ്കല്പങ്ങളാണ് ഉയിർപ്പ് തിരുന്നാളിലൂടെ, പുതിയ സംസ്കാരത്തിലൂടെ തിരുത്തപ്പെട്ടത്. ഈ സ്നേഹ സംസ്കാരത്തിൽ സംഘർഷങ്ങൾക്കും, മാത്സര്യങ്ങൾക്കും അക്രമങ്ങൾക്കുപോലും അർത്ഥതലങ്ങളുണ്ടാവുകയാണ്. ജീവിതത്തിലുണ്ടാകുന്ന നൊമ്പരപ്പെടുത്തുന്ന യാഥാർത്ഥ്യങ്ങൾക്കുമപ്പുറത്ത്, അവയെ മൂടിവച്ചുകൊണ്ടുള്ള സമാധാനത്തിന് പകരം അവയെ ചികഞ്ഞെടുത്ത് വെളിച്ചത്താക്കിയിട്ട് അവയിലുള്ള ദൈവപദ്ധതിയും ദൈവസ്നേഹവും തീരുമാനിച്ചറിയുന്ന ഒരു സംസ്കാരമാണിത്. ആരോടും പരിഭവമോ, പരാതിയോ ഇല്ലാതെ പച്ചയായജീവിതയാഥാർത്ഥ്യങ്ങളെ കാണാൻ പഠിപ്പിക്കുന്ന സംസ്കാരമാണത്. ആരേയും മതിൽകെട്ടി പുറത്താക്കാനോ, ജയിൽകെട്ടി അകത്താക്കാനോ ശ്രമിക്കാതെ വ്യക്തിയുടെ പ്രത്യേകതകളോടെ അവനും അവളും പൊതുസമൂഹത്തിന്റെ ഭാഗമായുള്ള വ്യക്തികളാണെന്നു തിരിച്ചറിയുന്നതും വിളിച്ചോതുന്നതുമായ ഒരു സംസ്കാരമാണിത്. സമൂഹത്തിലെ ഓരോ വ്യക്തിയും അംഗീകരിക്കപ്പെടേണ്ടതും ബഹുമാനിക്കപ്പെടേണ്ടതുമാണെന്നുള്ള സത്യം വ്യക്തമാക്കുന്ന സംസ്കാരമാണിത്. ഈ സംസ്കാരത്തിന്റെ ഭാഗമായി വളരുവാൻ വളർത്തുവാൻ ഈ ഉയിർപ്പുതിരുന്നാൾ ഏവർക്കും സഹായകമാവട്ടെ.

ആമ്മേൻ.

ഫാ. ജോർജ്ജ് കുഴിപ്പള്ളിൽ.